**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 974** **29-06-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും വിഭാഗം, കെട്ടിട വിഭാഗം) മുഖേന അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

**മറുപടി: നിരത്തുകൾ**

അനുബന്ധം 1 ആയി ചേർക്കുന്നു.

**പാലങ്ങൾ**

അനുബന്ധം 2 ആയി ചേർക്കുന്നു.

**കെട്ടിടങ്ങൾ**

അനുബന്ധം 3 ആയി ചേർക്കുന്നു.

**ദേശീയ പാത**

പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻ കീഴിൽ മഞ്ചേരി മണ്ഡലത്തിൽ സി.ആർ.ഐ.എഫ്. (സേതുബന്ധൻ) പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിൽ 12.50 കോടിയുടെ കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള "construction of Cherayakkode bridge across Olipuzha river connecting State road(SH) in Malappuram District in the State of Kerala." എന്ന പ്രവർത്തി നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തി 30% പൂർത്തീകരിച്ചിട്ടുണ്ട്.

**കെ.ആർ.എഫ്.ബി - പി.എം.യു**

കിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി-പി.എം.യു മുഖേന മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന രണ്ടു പ്രവൃത്തികളാണ് ഉള്ളത്.

1. മഞ്ചേരി ഒലിപ്പുഴ റോഡ് നവീകരണം

പ്രവൃത്തിക്ക് 20.08.2016 തീയതിയിലെ GO(Rt) No. 1192/2016/PWD പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ളതും, 14.03.2018 തീയതിയിൽ കിഫ്ബിയിൽ നിന്നും 85.61 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതുമാണ്.

പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നുള്ള അനുമതി 19.01.2021 തീയതിയിലെ G.O (Rt) No 184/2021/RD പ്രകാരം ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുപ്പിനുള്ള സർവ്വേ അതിരടയാള നിയമ പ്രകാരമുള്ള 6(1) നോട്ടിഫിക്കേഷൻ 134/2021 നമ്പർ പ്രകാരം 09.06.2022 തീയതിയിൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ കിഫ്ബി LA യൂണിറ്റ് 2 നിലമ്പൂർ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വിട്ടുപോയ സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ റവന്യൂ ഭരണാനുമതി 18/12/2025 ന് ലഭ്യമായിട്ടുണ്ട്. പുതുക്കിയ റവന്യൂ ഭരണാനുമതി പ്രകാരമുള്ള അർത്ഥനാപത്രം (Requisition) 01/01/2026- ൽ കെ.ആർ.എഫ്.ബി -പി.എം.യു പാലക്കാട്/മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ബഹു: ജില്ലാ കളക്ടർക്കും കിഫ്ബി എൽ.എ സ്പെഷ്യൽ തഹസിൽദാർക്കും സമർപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് മുഖാന്തരം RFCT LARR ആക്ട് 2013 ചട്ടങ്ങൾക്ക് വിധേയമായി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയിൽ അവതരിപ്പിച്ച് കമ്മിറ്റി പരാമർശിക്കുന്ന തിരുത്തലുകൾ വരുത്തി പ്രൈസ് സോഫ്റ്റ്വെയർ മുഖാന്തരം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്ത് നിർമാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള കണ്ടിൻജൻസി ചാർജ്, അതിർത്തി കല്ലുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി നാളിതുവരെ Rs.72,99,817/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മഞ്ചേരി ഒലിപ്പുഴ റോഡ് നവീകരണ പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ കിഫ്ബി എൽ എ യൂണിറ്റ് നിലമ്പൂർ തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നും പുരോഗമിച്ച് വരികയാണ് നിലവിൽ മഞ്ചേരി നറുകര വില്ലേജുകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പയ്യനാട് വില്ലേജിൽ പുരോഗമിച്ചുവരികയാണ് പ്രസ്തുത സർവ്വേ വേഗത്തിൽ പൂർത്തീകരിക്കാൻ കിഫ്ബി എൽ.എ തഹസിൽദാരുടെ കാര്യാലയത്തിന് കത്ത് നല്കിയിട്ടുള്ളതാണ്.

2. മലപ്പുറം ജില്ലയിലെ മലയോര ഹൈവേ ചിറക്കൽ- മേലാറ്റൂർ (11.215 km) & ഉച്ചാരക്കടവ്-കാഞ്ഞിരംപാറ(1.060 km) & ഉച്ചാരക്കടവ് പാലം

റോഡ് രണ്ട് സ്ട്രെച്ച് ആയാണ് വിഭാവനം ചെയ്തിരിക്കുന്നത് സ്ട്രെച്ച് ഒന്ന് 11.215 കിലോമീറ്റർ ദൈർഘ്യമുള്ള ചിറക്കൽ മുതൽ മേലാറ്റൂർ വരെയുള്ള റോഡാണ്. മേൽ പദ്ധതിയിലെ ചിറക്കൽ മുതൽ മേലാറ്റൂർ വരെയുള്ള 1.78 കിലോമീറ്റർ ദൂരം മഞ്ചേരി മണ്ഡലത്തിലൂടെ കടന്നുപോകുന്നു.രണ്ടാം സ്ട്രെച്ച് കാഞ്ഞിരംപാറ മുതൽ ഉച്ചാരക്കടവ് വരെയുള്ള 1.016 കിലോമീറ്റർ ദൈർഘ്യമുള്ള റോഡാണ്. ഉച്ചാരക്കടവ് പാലത്തിന്റെ പുനർനിർമാണവും ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിക്ക് 10.07.2017 തീയതിയിലെ GO (Rt) No.942/2017/PWD പ്രകാരം തത്വത്തിൽ ഭരണാനുമതി നല്കിയിട്ടുള്ളതും 12.04.2023 തീയതിയിൽ കിഫ്ബിയിൽ നിന്നും 40.60 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 25.11.2024 തീയതിയിൽ 50.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ടി നിർമാണ പ്രവൃത്തിക്ക് 28.03.2025 തീയതിയിൽ 48.19 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) കിഫ്ബി അംഗീകരച്ചിരുന്നില്ല. പ്രവൃത്തി ടെൻഡർ ചെയ്ത് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ തെരഞ്ഞെടുത്തെങ്കിലും PED ക്ക് അംഗീകാരം ലഭിക്കാത്തതിനാൽ സെലക്ഷൻ നോട്ടീസ് നൽകുവാൻ സാധിച്ചിരുന്നില്ല. കരാറുകാരൻ പ്രവൃത്തിയിൽ നിന്ന് വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടത് പ്രകാരം ടെൻഡർ കാൻസൽ ചെയ്തിരുന്നു. പ്രവൃത്തിയുടെ PED ഡോക്യുമെൻറ് തയാറാക്കാൻ കിഫ്ബ്-ടി. ആർ.സി യുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തിയുടെ പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെൻ തയ്യാറാക്കിപ്രവൃത്തി റീടെൻഡർ ചെയ്ത് നിർമാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

പ്രവൃത്തിക്കായി തുകയൊന്നും വിനിയോഗിച്ചിട്ടില്ല

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതിയും ഫണ്ട് വിനിയോഗവും പ്രവൃത്തി തിരിച്ച് ലഭ്യമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി, ടെൻഡർ നടപടികൾ എന്നിവയിലെ കാലതാമസം മൂലമോ, ഭൂമി ഏറ്റെടുക്കൽ തടസ്സങ്ങൾ കാരണമോ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതോ അല്ലെങ്കിൽ നിർമ്മാണം തടസ്സപ്പെട്ടു കിടക്കുന്നതോ ആയ പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നും വിശദമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**